സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

13 (*512) ശ്രീ. പി. സി. ജോർജ് :
ശ്രീ. കെ .കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും ഈ വർഷം 50 ശതമാനം സീറ്റിൽ മെരിറ്റ് കം ട്ടയിൽ പ്രവേശനം നൽകുന്നതിന് സമ്മതിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളാണ് അതിന് തയ്യാറാകാത്തത് ;

(സി) ഈ മെഡിക്കൽ കോളേജുകളിൽ എത്ര ശതമാനം സീറ്റുകളിലാണ് മെരിറ്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം നൽകുന്നതിന് അലോട്ട്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് ഈ വർഷം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റുകൾക്ക് വീതമാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളത് ;

(ഇ) ഓരോ മെഡിക്കൽ കോളേജുകളിലും എത്ര സീറ്റുകളിലേക്കാണ് അലോട്ട്മെന്റ് പൂർത്തിയായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഇല്ല.

(ബി) തിരുവല്ല, പുഷ്പഗിരി, കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജുകൾ.

(സി) സീറ്റ് അലോട്ട്മെന്റ് നടത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള പ്രശ്നങ്ങളിൽ തീരുമാനമാകുന്നമുറയ്ക്കും സർക്കാർ ഉത്തരവ് പ്രകാരവും അഡ്മിഷൻ നൽകുന്നതിനായി കുട്ടികളിൽ നിന്നും ഓപ്ഷൻ വാങ്ങിയിട്ടുണ്ട്.

(ഡി) സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 200 സീറ്റുകൾ വീതവും കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ 100 സീറ്റുകൾ വീതവുമാണ് ഇപ്പോൾ അംഗീകാരം നേടിയിട്ടുള്ളത്. പരിയാരം ഓഫ് മെഡിക്കൽ സയൻസിൽ 100 സീറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്വാശ്രയ മേഖലയിലുള്ള മറ്റു മെഡിക്കൽ കോളേജുകൾക്കൊന്നും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തുടർ അനുമതി ലഭിച്ചിട്ടില്ല.

(ഇ) അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly